# 6

# ഏലാ

# അവകാശത്തിന് അനർഹനാ യിരുന്ന

*വേദഭാഗം: 1 രാജാക്കന്മാർ 16:6, 8-10*

1977 ലെ പുതുവർഷ രാത്രിയിൽ ഞാനും എന്റെ സ്നേഹിതന്മാരും ചേർന്ന് ദേശിയമായി പരസ്യം ചെയ്ത ഒരു ഫുട്ബാൾ കളി കണ്ടുകൊണ്ടിരുന്നു. ഒരു ടീം എല്ലായ്പോഴും എതിർ ടീമിന് അധീനമായിക്കൊണ്ടിരുന്നു. വളരെ പെട്ടെന്ന് എളുപ്പത്തിൽ ഒരു ടീം വിജയിക്കുമെന്ന പ്രതീക്ഷയിലായിരുന്നു ഞങ്ങൾ. ഞങ്ങളെ അതിശയിപ്പിച്ചുകൊണ്ട്, താരതമ്യേന ബലഹീനമെന്ന് തോന്നിയ ടീം പെട്ടെന്ന് പ്രതിരോധത്തിലാകുകയും, ആദ്യപകുതിയിലും രണ്ടാം പകുതിയിലും ഗോളുകൾ വർഷിച്ചുകൊണ്ട് അവർ മൽസരത്തിൽ വിജയം കൈവരിക്കുകയും ചെയ്തു. കളി കണ്ടുകൊണ്ടിരുന്ന ഞങ്ങൾക്ക് പോലും വിശ്വസിക്കുവാൻ കഴിഞ്ഞില്ല - വലിയ പ്രാഗത്ഭ്യമില്ലാത്ത ഒരു ടീം ശക്തരായ ഒരു ടീമിനെ നിഷ്പ്രയാസം തോൽപിച്ചു! അതെങ്ങനെ സംഭവിച്ചു? പിന്നീട് അതിന്റെ കാരണം മനസിലാക്കിയത് ഒറ്റ വാക്കിൽ പറയാം: "തയ്യാറെടുപ്പ്". അമിതമായ ആത്മവിശ്വാസത്താൽ, ശക്ത-രായ ടീം വിചാരിച്ചു, "പകുതി - പരിശ്രമത്താൽ തന്നെ വിജയിക്കാമെന്ന് അവരെ കാണിച്ചു കൊടുക്കാം." അവരെ പരിശീലിപ്പിച്ചവർ കാലാവസ്ഥയെ കുറിച്ചു പോലും പരിഗണിച്ചില്ല; ശക്തമായ മഴയാൽ കളിസ്ഥലം ചളി-നിറഞ്ഞതായിരുന്നു, നനഞ്ഞ കോർട്ടിൽ ഉപയോഗിക്കുവാനുള്ള ഷൂസ് ശക്തരായ ടീം എടുത്തിരുന്നില്ല. അതിനാൽ ജയിക്കുമെന്ന പ്രതീക്ഷയിലായിരുന്ന ടീമിന് ഓടിക്കളിക്കുവാൻ കഴിഞ്ഞില്ല, എന്നാൽ ബലഹീനരായിരുന്ന ടീം ശരിയായ തയ്യാറെടുപ്പ് നടത്തിയതിനാൽ അവർക്ക് വിജയം നേടി റെക്കോർഡ് ബുക്കിൽ കയറിപ്പറ്റുവാൻ കഴിഞ്ഞു. ഇവിടത്തെ മുഖ്യ വാക്ക് "*തയ്യാറെടുപ്പ്*" ആണ്.

ബൈബിളിൽ ഏറ്റവും മുഖ്യമായ വിഷയങ്ങളിൽ ഒന്നായി തയ്യാറെടുപ്പ് അല്ലെങ്കിൽ ഒരുക്കത്തെ എടുത്തു പറഞ്ഞിരിക്കുന്നതിൽ അതിശയിക്കാനില്ല. സ്പോർട്ട്സിൽ മാത്രമല്ല, ജീവിതത്തിന്റെ എല്ലാ മേഖലകളിലും തയ്യാറെടുപ്പ് അനിവാര്യമാണ്. അതിൽനിന്ന് ആർക്കും ഒഴികഴിവില്ല. ദൈവവും അതിൽനിന്ന് ഒഴിഞ്ഞു മാറുന്നില്ല.

ഉദാഹരണത്തിന്, ദൈവം അബ്രഹാമിന് ഒരു ഭൂമി വാഗ്ദാനം ചെയ്തു (ഉൽപത്തി 12:7), എന്നാൽ അതു നേടിയെടുക്കുന്നതിന്, ചുരുങ്ങിയത് 430 വർഷം അബ്രഹാമിന്റെ പിൻഗാമികളായ യിസ്രായേൽമക്കൾ കാത്തിരിക്കേണ്ടി വന്നു. അതിനായി ഒരുക്കം ആവശ്യമായിരുന്നു, അതിന് വർഷങ്ങൾ വേണ്ടി വന്നു. യിസ്രായേലിനെ കനാൻ ദേശത്തേക്കു കൊണ്ടുവരുവാൻ ദൈവം മോശെയെ തിരഞ്ഞെടുത്തു, യിസ്രായേലിനു വേണ്ട ഒരു നേതാവായിത്തീരുവാൻ ആവശ്യമായ ഒരുക്കത്തിന് എൺപതു വർഷം വേണ്ടി വന്നു. ദൈവം ഒന്നും ധൃതിപിടിച്ചു ചെയ്യുകയില്ല, അതേസമയം അവൻ താമസിക്കയുമില്ല. സമയം ശരിയായപ്പോൾ, പശ്ചാത്തല പ്രവർത്തനങ്ങളും ഒരുക്കങ്ങളും പൂർത്തിയായപ്പോൾ, ദൈവം വാഗ്ദാനദേശം യിസ്രായേലിന് നൽകി.

അതുപോലെ തന്നെയാണ്, മശിഹയെ ലോകത്തിലേക്ക് കൊണ്ടുവരുന്നതും. പിതാക്കന്മാരുടെ കാലത്തിലും, മോശെയുടെ കാലത്തിലും ജീവിച്ച മനുഷ്യരെ അതിനായി ഒരുക്കി. മശിഹ വന്നപ്പോൾ, അതിനെ "കാലസമ്പൂർണ്ണത" എന്നാണ് പരിശുദ്ധാത്മാവ് വിശേഷിപ്പിച്ചത് (ഗലാത്യർ 4:4).

ക്രിസ്തുവിന്റെ വരവിന് മുന്നോടിയായി ഏതാണ്ട് ഒരു വർഷത്തോളം പ്രവർത്തിക്കുവാൻ നിയോഗിക്കപ്പെട്ട യോഹന്നാൻ സ്നാപകൻ "ദൈവത്തിന്റെ പരിശീലന പാഠശാലയിൽ മുപ്പതു വർഷം" തയ്യാറെടുപ്പ് നടത്തുകയുണ്ടായി. (മത്തായി 3:1). തന്റെ ഭൗമികശുശ്രൂഷ ആരംഭിക്കുന്നതിനു മുൻപ് ക്രിസ്തു തന്നെയും മുപ്പതു വർഷത്തെ തയ്യാറെടുപ്പ് നടത്തി കാത്തിരുന്നു (ലൂക്കൊസ് 3:23).

ദൈവത്തിനുപോലും തയ്യാറെടുപ്പിൽ നിന്നും ഒഴിഞ്ഞുമാറുവാൻ പറ്റുന്നില്ലെങ്കിൽ, നിങ്ങൾക്കും അതിൽനിന്നു ഒഴിഞ്ഞുമാറുവാൻ സാധ്യമല്ല. നാം ഒരുങ്ങിയില്ലെങ്കിൽ കഷ്ടത ഏൽക്കേണ്ടി വരുമെന്നാണ് ദൈവവചനം നമ്മെ മുന്നറിയിക്കുന്നത്.

ശരിയായി ഒരുങ്ങാതെ നായകന്മാരായവർക്ക് ഫലപ്രദമായി നയിക്കുവാൻ കഴിയാതിരിക്കുന്നതും, ഉപദേഷ്ടാക്കന്മാർക്ക് ശരിയായി ഉപദേശിപ്പാൻ കഴിയാതിരിക്കുന്നതും, അദ്ധ്യാപകന്മാർക്ക് ശരിയായി പഠിപ്പിക്കുവാൻ കഴിയാതിരിക്കുന്നതും, കായികമൽസരത്തിലേർപ്പെട്ടിരിക്കുന്നവർക്ക് അവസരം വരുമ്പോൾ ശരിയായി കായികശേഷി ഉപയോഗിക്കാൻ കഴിയാതെ വരുന്നതും ഒന്നാലോചിച്ചു നോക്കുക. ശരിയായി ഒരുക്കം നടത്താതിരിക്കുന്നതാകാം ഒരുപക്ഷെ ലോകത്തിലെ അടിക്കടിയുണ്ടാകുന്ന തെറ്റുകൾക്ക് കാരണം. കാഴ്ച്ചകൾ കണ്ടു നടക്കുന്നതുപോലെ ജീവിതത്തെ നാം വളരെ ലാഘവത്തോടുകൂടി കാണും. പിന്നീടാണ് നാം ചിന്തിക്കുന്നത് - വലിയ അവസരങ്ങൾ വരുമ്പോൾ, ഒരുങ്ങാതിരുന്ന നാം കുഴങ്ങി പോകുകയും ചെയ്യും. പിന്നെ, നാം ശേഷിച്ച കാലമെല്ലാം "അന്നു ഞാൻ ഒരുങ്ങിയിരുന്നെങ്കിൽ," എന്നു നമ്മുടെ മനസാക്ഷിയോട് പറഞ്ഞുകൊണ്ടിരിക്കും.

യിസ്രായേലിന്റെ നാലാമത്തെ രാജാവായിരുന്ന ഏലാ പരാജയപ്പെടുവാനുള്ള കാരണം, മിക്കവാറും തയ്യാറെടുക്കാതിരുന്നതിനാലായിരിക്കും. ഡബ്ലിയു. ഗ്രഹാം സ്കോർജി എന്ന ബൈബിൾ എഴുത്തുകാരൻ അവനെ കുറിച്ച് എഴുതിയത്, "തയ്യാറെടുക്കാതെ പോയ വിഡ്ഢി" എന്നാണ്.[1] അവന്റെ വാഴ്ച്ച വിപത്തായിരുന്നു, കാരണം അവൻ ദേശത്തെ നയിക്കുവാൻ തുടങ്ങിയത് തയ്യാറെടുപ്പ് കൂടാതെയായിരുന്നു. യിസ്രായേലിന്റെ മൂന്നാമത്തെ രാജാവായിരുന്ന ബെയേശയെ പോലെ അവനും "വായിൽ വെള്ളിക്കരണ്ടിയുമായാണ് ജനിച്ചത്." ദേശം ഒരു രാജകുടുംബത്തിന് കൊടുക്കാവുന്ന ഏറ്റവും വലിയ സുഖസൗകര്യങ്ങൾ അവന് ലഭിച്ചിരുന്നു. തന്റെ അപ്പന്റെ മരണശേഷം താനായിരിക്കും അടുത്ത രാജാവെന്ന് ഒരുപക്ഷെ അവൻ അറിഞ്ഞിരിക്കാം. ഒരു ദിവസം താൻ സിംഹാസനത്തിലിരിക്കുമെന്നും, ദേശം മുഴുവൻ നയിക്കപ്പെടുവാൻ തന്നിലേക്ക് നോക്കുമെന്നും അവന് അറിയാമായിരുന്നു. അവൻ ഒരുങ്ങേണ്ടിയിരുന്നു. ദൈവം ആഗ്രഹിക്കുന്നതുപോലെയുള്ള ഒരു നേതാവാകുവാൻ അവൻ ആഗ്രഹിച്ചിരുന്നുവെങ്കിൽ അവന് ചെറുപ്പത്തിൽ ആവശ്യമായ പരിശീലനം നേടാമായിരുന്നു. ആവശ്യമായ ഒരുക്കത്തിന്, സമയം, പരിശ്രമം, ചിന്ത, പ്രാർത്ഥന, ഉൽസാഹം, അച്ചടക്കം എന്നിവ അനിവാര്യമാണ്. "അവന് അത് ചെയ്യുവാൻ കഴിയുമോ?" എന്നതായിരുന്നില്ല ചോദ്യം. പി

ന്നെയോ “അവൻ അതു ചെയ്യുമോ?” എന്നതായിരുന്നു. ചില കാരണത്താൽ അവൻ നൽകിയ ഉത്തരം “ഇല്ല” എന്നായിരുന്നു. അവൻ തയ്യാറാകാതിരിക്കുവാനുള്ള കാരണം നമുക്ക് അറിയില്ല. അവൻ ഒരു തയ്യാറെടുപ്പുമില്ലാതെയാണ് സിംഹാസനാരൂഢനായത് എന്നു മാത്രം നമുക്ക് അറിയാം. അതിന്റെ ഫലമായി, അവന്റെ വാഴ്ച്ച ചുരുങ്ങിയതും, ദുഃഖകരവും, പരിതാപകരവുമായിരുന്നു. ഓർമ്മിക്കത്തക്കതാകുന്നതിനുപകരം, അതൊരു തെറ്റായി മാറി; വിജയിക്കുന്നതിനുപകരം അപകടകരമായി.

ഒരു രാജാവായ ഏലായെ കുറിച്ച് തിരുവെഴുത്ത് അധികമൊന്നും പറയുന്നില്ല. ആറു വാക്യങ്ങളിലാണ് അവന്റെ ദൈവിക ചരിത്രം ഉള്ളത്:

> യെഹൂദാ രാജാവായിരുന്ന ആസയുടെ ഇരുപത്തി-ആറാമാണ്ടിൽ, ബെയേശയുടെ മകൻ ഏലാ യിസ്രായേലിൽ രാജാവായി തിർസയിൽ രണ്ടു സംവൽസരം വാണു. എന്നാൽ രഥങ്ങളിൽ പകുതിക്കു അധിപതിയായ സിമ്രി എന്ന അവന്റെ ഭൃത്യൻ അവന്നു വിരോധമായി കൂട്ടുകെട്ടുണ്ടാക്കി, അവൻ തിർസയിൽ തിർസാരാജധാനിവിചാരകനായ അർസയുടെ വീട്ടിൽ കുടിച്ചു ലഹരി പിടിച്ചിരിക്കുമ്പോൾ, സിമ്രി അകത്തു കടന്നു യെഹൂദ രാജാവായ ആസയുടെ ഇരുപത്തി-ഏഴാമാണ്ടിൽ, അവനെ വെട്ടിക്കൊന്നു അവനു പകരം രാജാവായി. അവൻ രാജാവായി സിംഹാസനത്തിൽ ഇരുന്ന ഉടനെ, ബെയേശയുടെ ഗൃഹത്തെ മുഴുവനും നിഗ്രഹിച്ചു; അവനാകട്ടെ അവന്റെ ചാർച്ചക്കാർക്കാകട്ടെ, പുരുഷപ്രജയായ ഒന്നിനെയും അവൻ ശേഷിപ്പിച്ചില്ല. അങ്ങനെ ബെയേശയും അവന്റെ മകൻ ഏലയും തങ്ങളുടെ മിഥ്യാമൂർത്തികളാൽ യിസ്രായേലിന്റെ ദൈവമായ യഹോവയെ കോപിപ്പിച്ചു. തങ്ങൾ ചെയ്തതും യിസ്രായേലിനെക്കൊണ്ട് ചെയ്യിച്ചതുമായ സകല പാപങ്ങളും നിമിത്തം, യഹോവ യെഹൂദ പ്രവാചകൻ മുഖാന്തരം ബെയേശക്ക് വിരോധമായി അരുളിച്ചെയ്ത വചനപ്രകാരം, സിമ്രി ബെയേശയുടെ ഗൃഹത്തെ മുഴുവനും നിഗ്രഹിച്ചുകളഞ്ഞു. ഏലയുടെ മറ്റുള്ള വൃത്താന്തങ്ങളും, അവൻ ചെയ്തതൊക്കെയും യിസ്രായേൽ രാജാക്കന്മാരുടെ വൃത്താന്തപുസ്തകങ്ങളിൽ എഴുതിയിരിക്കുന്നുവല്ലൊ (16:8–14).

ബി. സി. 888 മുതൽ 886 വരെ, രണ്ടു വർഷത്തിൽ താഴെ മാത്രമാണ് ഏലാ രാജാവായി വാണത്. അതാണ് അവനെ കുറിച്ചുള്ള സംഭവം; അവനെ കുറിച്ച് കൂടുതലായി ഒന്നും പറയുവാനില്ല. അവന്റെ ഭാഗത്തുനിന്നു പ്രത്യേകമായൊന്നും ചെയ്യാതെ അവന്റെ വാഴ്ച്ച അവസാനിച്ചു. തന്റെ സൈന്യമോ, താൻ നയിച്ച ആളുകളോ അവനെ ആദരിച്ചില്ല.

ഒരു ദിവസം ഏലാ തിർസയിൽ “തിർസാരാജധാനിവിചാരകനായിരുന്ന” അർസയുടെ വീട്ടിൽ കുടിച്ചു ലഹരിയിലായിരുന്നപ്പോൾ, രാജാവിന്റെ പകുതി രഥങ്ങളുടെയും സൈന്യത്തിന്റേയും അധിപനായിരുന്ന സിമ്രി അവനെ കൊന്നു. ആ സമയത്ത് അർസ പോലും ബെയേശയെ കൊല്ലുവാൻ തുനിഞ്ഞിരുന്നു. ഏലായുടെ മരണത്തോടുകൂടി യിസ്രായേലിന്റെ രണ്ടാം വാഴ്ച്ചക്ക് അവസാനമായി. രാജാവായി തീർന്ന ഉടനെ സിമ്രി ബെയേശയുടെ ഗൃഹത്തെ മുഴുവൻ യേഹു പ്രവചിച്ചതുപോലെ കൊന്നുകളഞ്ഞു (16:4). ബയേശയുടെ ഗൃഹത്തിലോ ചാർച്ചയിലോ ആൺപ്രജകൾ അവശേഷിക്കാത്ത വിധത്തിൽ

അവൻ കൂട്ടക്കൊല നടത്തി (16:11).

ഏലാ ഭരിക്കുവാൻ തയ്യാറെടുപ്പ് നടത്തേണ്ടിയിരുന്നു. അവൻ ഒരുങ്ങിയിരുന്നെങ്കിൽ അവന്റെ ഭരണം എത്ര നന്നാകുമായിരുന്നു! അവൻ ഒരുങ്ങിയിരുന്നെങ്കിൽ, ദൈവം എന്തെല്ലാം അവൻ മുഖാന്തരം ചെയ്യുമെന്ന് നമുക്ക് അറിയില്ല. എന്നാൽ ദൈവത്തിന് അത്ഭുതകരമായ പലതും അവൻ മുഖാന്തരം ചെയ്യുവാൻ കഴിയുമായിരുന്നു.

അവന് എങ്ങനെ ഒരുങ്ങാമായിരുന്നു? അവന് എന്തു ചെയ്യുവാൻ കഴിയുമായിരുന്നു?

## ദൈവത്തെ ശ്രദ്ധിച്ചുകൊണ്ട്

ആദ്യം, ദൈവത്തെ ശ്രദ്ധിച്ചുകൊണ്ട് ഏലായ്ക്ക് നായകത്വത്തിനായി ഒരുങ്ങാമായിരുന്നു. ദൈവേഷ്ടം വെളിപ്പെടുത്തി, പ്രവാചകന്മാർ അടുത്തുണ്ടായിരുന്നു. യൊരേബയാമിന് അഹിയാവും പേർ പറയാത്ത മറ്റൊരു പ്രവാചകനുമുണ്ടായിരുന്നു (11:29; 13:1). ബെയേശായ്ക്ക് യേഹു ഉണ്ടായിരുന്നു (16:1), വേറെയും പ്രവാചകന്മാർ തീർച്ചയായും ചുറ്റുപാടും കണ്ടിരിക്കണം. സിംഹാസനത്തിലേക്ക് വരുന്നതിനു മുൻപ് ഏലായ്ക്ക് പ്രവാചകന്മാരിൽനിന്നു ദൈവേഷ്ടം അറിയുവാൻ ധാരാളം അവസരങ്ങൾ ഉണ്ടായിരുന്നു. തന്റെ ജീവിതത്തിനും ദേശത്തിനും ആവശ്യം അവരുടെ സന്ദേശങ്ങളിലെ ദൈവേഷ്ടം മനസിലാക്കുന്നതാണെന്ന് അവൻ വിശ്വസിക്കണമായിരുന്നു. ബാല്യത്തിൽ ദൈവേഷ്ടം അവന്റെ ഉള്ളിൽ ചെന്നിരുന്നെങ്കിൽ, രാജാവായി തീരുമ്പോഴും ദൈവേഷ്ടത്തിലധിഷ്ഠിതമായ രാജഭരണത്തിനായി അവൻ ഒരുങ്ങുമായിരുന്നു.

കേട്ടിട്ട് മനസിലാക്കാതെയും, ശ്രദ്ധിച്ചിട്ടു ഗ്രഹിക്കാതെയും ഇരിക്കുവാൻ കഴിയും. ചെവികൊണ്ട് കേൾക്കാതെയും, കണ്ണുകൊണ്ട് കാണാതെയും ഹൃദയം കൊണ്ട് ഗ്രഹിക്കാതെയുമിരിക്കുന്നവരെ കുറിച്ച് ക്രിസ്തു പറഞ്ഞിരിക്കുന്നു (മത്തായി 13:15). ചില ആളുകൾ "എപ്പോഴും പഠിച്ചിട്ടും ഒരിക്കലും സത്യത്തിന്റെ പരിജ്ഞാനം പ്രാപിപ്പാൻ കഴിയാത്ത പെണ്ണുങ്ങളെ സ്വാധീനമാക്കുകയും ചെയ്യുന്നവർ" ആണെന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു (2 തിമൊഥെയൊസ് 3:7). ഒരുപക്ഷെ ആ പ്രയോഗം ഏലായ്ക്ക് ചേരുന്നതാകാം. പഠിക്കുവാൻ അവന് അവസരം ലഭിച്ചിരുന്നു, പക്ഷെ അവൻ അതെല്ലാം അവഗണിക്കുകയായിരുന്നു. ഒരു വ്യക്തിയിൽനിന്നു ദൈവം പ്രതീക്ഷിക്കുന്നതു പ്രവാചകന്മാർ സംസാരിക്കുന്നത് അവൻ കേട്ടിരിക്കും; ഒന്നുകിൽ അവൻ ആ സന്ദേശത്തെ ഗൗരവമായി എടുത്തില്ല, അല്ലെങ്കിൽ അവൻ അതിന്റെ വില തിരിച്ചറിഞ്ഞില്ല. അവൻ സിംഹാസനം അവകാശമാക്കിയപ്പോൾ – ദേശത്തിനുവേണ്ടി നിലനിൽക്കേണ്ട മനുഷ്യനായപ്പോൾ – ഒരു നീതിമാനായ രാജാവിനുണ്ടാകേണ്ട ഏറ്റവും മഹത്തായ ആശയം സ്വീകരിക്കണമായിരുന്നു.

ദൈവം നമുക്ക് ധാരാളം അവസരങ്ങൾ തരും. ആ നിമിഷങ്ങൾ വരുമ്പോൾ, ഒരുങ്ങാതിരുന്ന ആ രാജാവിനെ പോലെ നാമും ഒരുങ്ങാതിരിക്കുമോ? ദൈവം തന്റെ വചനം മുഖാന്തരം സംസാരിച്ചിരിക്കുന്നു (എബ്രായർ 1:1, 2), എന്നാൽ നാം അത് സ്വീകരിച്ചിട്ടുണ്ടോ? ശേഷിച്ച യിസ്രായേൽ മക്കൾ കനാൻ അവകാശമാക്കുവാനായി ഒരുങ്ങിക്കൊണ്ടിരുന്നപ്പോൾ, യോശുവ അവരോട് നാളത്തേക്കായി വിശുദ്ധീകരിക്ക എന്നു പറഞ്ഞു (യോശുവ 7:13). അവർ

എങ്ങനെ നാളത്തേക്കായി വിശുദ്ധീകരിക്കും? അവർ തങ്ങളുടെ ഹൃദയങ്ങളെ ദൈവേഷ്ടവുമായി യോജിപ്പിച്ചുകൊണ്ട്, പാപം അവരുടെ ജീവിതത്തിൽനിന്ന് മാറ്റി, ദൈവേഷ്ടം പ്രമാണിക്കുവാനായി ഒരുങ്ങി കൊണ്ടാണ്. അതിലാണ് ഏലാ പരാജയപ്പെട്ടത്. ദേശത്തെ ദൈവേഷ്ടമനുസരിച്ചു നയിക്കുവാൻ അവൻ തന്റെ ബാല്യത്തിൽ തന്നെ തയ്യാറെടുപ്പ് നടത്തേണ്ടിയിരുന്നു. എന്തോ കാരണത്താൽ, അവൻ ആ ഒരുങ്ങേണ്ട സമയം പാഴാക്കി കളഞ്ഞു. അവകാശം അവനു ലഭിച്ചപ്പോൾ, അവൻ അതിന് അനർഹനായിരുന്നു.

## ദൈവത്തോടുകൂടി നടന്ന്

രാജ്യത്തിന്റെ രാജകുമാരനായ യുവാവായിരുന്നപ്പോൾ, ഏലായ്ക്ക് ദൈവത്തോടുകൂടി നടന്ന് ഒരുങ്ങാമായിരുന്നു. രാജാവ് ജനത്തിന്റെ മുൻപിൽ ദൈവത്തിന്റെ പ്രതിനിധി ആയിരുന്നു. അവൻ ഒരു രാഷ്ട്രീയക്കാരനായിരുന്നില്ല, എന്നാൽ ശക്തിയുള്ളവനായിരുന്നു - ആളുകളെ നേർവഴിക്ക് നയിക്കേണ്ടവനായിരുന്നു, പ്രാർത്ഥിച്ചും ദൈവത്തോടുകൂടി നടന്നും, ദേശത്തിനും ലോകത്തിനുമുള്ള ദൈവേഷ്ടത്തെ ധ്യാനിച്ചുകൊണ്ടുമല്ലാതെ ആ സ്ഥാനത്തേക്ക് വരുന്നവൻ എങ്ങനെ നന്നായി തയ്യാറെടുക്കും? അവൻ തന്റെ ജീവിതത്തിലെ പ്രാരംഭ ഘട്ടത്തിൽ ദൈവേഷ്ടമനുസരിച്ച് ഒരുങ്ങിയിരുന്നെങ്കിൽ, ആത്മാർത്ഥതയും, നീതിയും, സുബോധവുള്ള വ്യക്തിയായി അവൻ രാജാവെന്ന സ്ഥാനത്തിലെത്തുമായിരുന്നു. അങ്ങനെ ആയിരുന്നു വന്നതെങ്കിൽ, അവന്റെ മനസ് ശക്തിയോടും ദൈവ സാന്നിധ്യം തന്റെ ജീവിതത്തിലുണ്ടെന്ന ബോധ്യത്തോടുംകൂടെ വരുമായിരുന്നു. കൂടാതെ അവൻ ദൈവം-അംഗീകരിച്ച രാജാവായി, നീതിയുള്ള ജീവിതം നിമിത്തം ആളുകൾ അവനെ ബഹുമാനിക്കയും ചെയ്യുമായിരുന്നു. അവന് കൂടുതൽ ഫലപ്രദമായി ജനത്തെ നയിക്കുവാനും കഴിയുമായിരുന്നു.

ദൈവത്തോടുകൂടി നടക്കുന്നതിനെ കുറിച്ച് ചിന്തിക്കുമ്പോൾ നമുക്ക് ഹാനോക്കിനെയാണ് ഓർമ്മ വരുന്നത് (ഉൽപത്തി 5:22). ദൈവം അവന്റെ ജീവിതത്തെ വിലയിരുത്തിയത്, "അവൻ ദൈവത്തോടുകൂടി നടന്നു" എന്നാണ്. അവന്റെ ജീവിതത്തിൽ അസാധാരണത്വമോ, കാപട്യമോ ഇല്ലായിരുന്നു. അവൻ ദിനമ്പതി ദൈവത്തോടുകൂടി നടന്നു. "ദൈവത്തോടുകൂടി നടന്ന" അവൻ ദൈവത്തോടു കൂട്ടായ്മ പുലർത്തി എന്നു സ്പഷ്ടം. ദൈവത്തിന്റെ ഗതിയനുസരിച്ചാണ് അവൻ ചലിച്ചത്. ഭാവിയിൽ ദൈവികദിശയിൽ നടക്കുവാൻ ഒരുക്കം ആവശ്യമാണ്. ദൈവത്തിന്റെ ദിശയിൽ നടക്കുവാനും, ദൈവത്തോടു കൂട്ടായ്മയുണ്ടാക്കുവാനും,ദൈവം നമ്മിൽനിന്നും ജീവിതത്തിൽ പ്രതീക്ഷിക്കുന്നതനുസരിച്ചുയരുവാനും, ദൈവം ആഗ്രഹിക്കുന്നതുപോലെ കാര്യങ്ങൾ ചെയ്യുവാനും നമുക്ക് തയ്യാറെടുപ്പ് വേണം.

ഏലാ രാജാവായി തീരുന്നതിനു മുൻപ് ഇത്തരം ഒരുക്കങ്ങൾ നടത്തിയെന്നു വിചാരിക്കുക. അവൻ ഏതുവിധത്തിലുള്ള രാജാവായി തീരുമായിരുന്നു? ഒരുപക്ഷെ ആളുകൾ ദാവീദിനെ താരതമ്യം ചെയ്യുന്നതുപോലെ അവനെയും താരതമ്യം ചെയ്യുമായിരുന്നു. നാം പറയും, "നിങ്ങൾ ദൈവത്തോടുകൂടി നടന്ന, ദൈവത്തിന്റെ ഹൃദയത്തിന് ബോധിച്ച മനുഷ്യനായ ഏലായെ പോലെ ആകണം." അവന്റെ ജീവിതത്തിന്റെ പ്രാരംഭ ഘട്ടത്തിൽ ദൈവത്തോടുകൂടെ നടക്കുവാൻ ശീലിച്ചിരുന്നുവെങ്കിൽ അവൻ രാജാവായി തീർന്നപ്പോൾ എങ്ങനെ ആകുമായിരുന്നു എന്നു ചിന്തിക്കുക.

## ദൈവത്തിൽ ആശ്രയിച്ചുകൊണ്ട്

അവന്റെ ജീവിതത്തിന്റെ പ്രാരംഭ ഘട്ടത്തിൽ ഏലായ്ക്ക് ഒരുങ്ങാമായിരുന്ന മറ്റൊരു വഴിയാണ് ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചുകൊണ്ട്. അവന് ദൈവത്തെ അനുസരിച്ച്, അവന്റെ വാഗ്ദാനങ്ങളിൽ ആശ്രയിക്കാമായിരുന്നു. ദൈവത്തെ അനുസരിച്ച് ദൈവത്തിൽ ആശ്രയിച്ചാൽ മാത്രമേ ഒരു ദേശം, ദൈവത്തിന്റെ ദേശമായി തീരുകയുള്ളു. ദൈവത്തെ അനുസരിക്കുക എന്നത് ഒരു കാര്യം; അവൻ നമ്മെ കരുതുകയും അനുഗ്രഹിക്കുകയും ചെയ്യുമെന്ന വിധത്തിൽ പൂർണ്ണമായി അവനിൽ ആശ്രയിക്കുക എന്നതു മറ്റൊരു കാര്യം. ദൈവവചനം അനുസരിക്കുകയും, അവന്റെ വാഗ്ദാനങ്ങളൊക്കെ അവൻ നിവർത്തിക്കുമെന്ന വിധത്തിൽ അവനെ പൂർണ്ണമായി ആശ്രയിക്കുകയും ചെയ്താൽ തീർച്ചയായും നമ്മുടെ ജീവിതം അനുഗ്രഹിക്കപ്പെടും.

ഒരു രാജാവ് തന്റെ രാജ്യത്തിന് ഉറപ്പുള്ള ഒരു ശക്തിയായിരിക്കണം. സമയം മോശമാവുകയും, കാർമേഘം ഉരുണ്ടുകൂടുകയും ചെയ്തപ്പോൾ, "ദൈവം നമ്മോടുകൂടെയുണ്ട്, നാം അവനെ അനുസരിച്ചിരിക്കുകയാണ്, അവൻ നമുക്കു വേണ്ടി പൊരുതുകയും, നമ്മെ ശത്രുവിൽനിന്നു വിടുവിക്കുകയും ചെയ്യും, വിചാരപ്പെടരുത്, നിങ്ങൾ ദൈവത്തിലേക്കു നോക്കുക" എന്നു പറയുന്ന രാജാവായിരുന്നു ആവശ്യം. ഏലായ്ക്ക് അത്തരം സ്വഭാവദാർഢ്യമുള്ള ഒരു രാജാവായി തീരുവാൻ എല്ലാ സാഹചര്യത്തിലും ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കാമായിരുന്നു. അവന്, മൈനികപരിശീലനമായിരുന്നില്ല വേണ്ടിയിരുന്നത് - ദൈവത്തിലുള്ള വിശ്വാസ - അനുഭവമായിരുന്നു ആവശ്യം..

ദൈവത്തിൽ ആശ്രയിക്കുവാൻ ഏലാ ഒരിക്കലും ശീലിച്ചിരുന്നില്ല. ഒരുപക്ഷെ അവൻ ധനത്തിലും, സ്ഥാനത്തിലും, പൈതൃകത്തിലും, സൈന്യത്തിലും ആശ്രയിച്ചിരുന്നേക്കാം. അതുകൊണ്ട്, അവൻ സിംഹാസനത്തിൽ വന്നപ്പോൾ സ്വയമായി എല്ലാം ചെയ്യുവാൻ തുടങ്ങി. തന്നിലേക്ക് സഹായത്തിനായി നോക്കുന്നവരെയാണ് ദൈവം സഹായിക്കുന്നത്. പൂർണ്ണഹൃദയത്തോടെ തന്നോട് അടുക്കുന്നവർക്ക് വേണ്ടി അവൻ ശക്തമായി ഇടപെടും (2 ദിനവൃത്താന്തം 16:9). ദൈവത്തെ കൂടാതെ ജീവിച്ചതിന്റെ അനന്തരഫലം ഏലാ അനുഭവിച്ചു.

## ഉപസംഹാരം

യിസ്രായേലിലെ മഹാന്മാരായ രാജാക്കന്മാരിൽ ഒരാളായി ഏലാക്ക് തീരാമായിരുന്നു, പക്ഷെ അവൻ അതിനു വേണ്ടി ഒരുങ്ങിയില്ല. അവന് അവകാശം കിട്ടിയപ്പോൾ, അവൻ അതിന് അനർഹനായിരുന്നു. അവന് ചെങ്കോൽ ലഭിച്ചിരുന്നു, എന്നാൽ അതിനെ എന്തു ചെയ്യണമെന്ന് അവനറിയില്ലായിരുന്നു.തയ്യാറെടുപ്പില്ലായ്മ, അവന്റെ ജീവിതത്തിലും, വാഴ്ച്ചയിലും, മരണത്തിലും കാണാമായിരുന്നു.

"നന്നാകാമായിരുന്നവൻ" എന്നു മാത്രമെ ഏലായെ കുറിച്ച് നമുക്ക് ഓർക്കുവാൻ കഴിയു. അവന് പ്രമുഖനാകുവാൻ കഴിയുമായിരുന്നു. ദേശത്തെ ദൈവത്തിലേക്ക് മടക്കിക്കൊണ്ടുവന്നു അവന് ദൈവത്തിന്റെ നായകൻ ആകാമായിരുന്നു. പകരം ഒരു മദ്യപാനി മരിക്കുന്നതുപോലെ ആയിരുന്നു അവന്റെ അന്ത്യം. അവന്റെ കല്ലറമേൽ ദുഃഖിപ്പിക്കുന്ന വാക്കുകൾ മാത്രമെ എഴുതുവാൻ കഴിയു.

യിസ്രായേലിനെ 888 മുതൽ
886 വരെ വാണ
യിസ്രായേലിന്റെ നാലാമത്തെ
രാജാവ് ഏലാ ഇവിടെ കിടക്കുന്നു

---

മാഹാത്മ്യം അവനു കൊടുത്തപ്പോൾ
അതു സ്വീകരിപ്പാൻ അവൻ ഒരുങ്ങിയിരുന്നില്ല.

നമ്മെ സംബന്ധിച്ച് അതെങ്ങനെ ആയിരിക്കും? തയ്യാറെടുക്കേണ്ട ആവശ്യത്തെ നാം അവഗണിക്കുമോ? ഒരുക്കം ആവശ്യമുള്ള പ്രധാനപ്പെട്ട നിമിഷങ്ങൾ നമ്മുടെ ജീവിതത്തിൽ വരും: മറ്റുള്ളവരെ ക്രിസ്തുവിലേക്ക് നയിക്കുക, മരണം, യേശുവിന്റെ മടങ്ങിവരവ്, ന്യായവിധി എന്നിവയെ നാം നേരിടണം. “നിന്റെ ദൈവമായ യഹോവയെ നേരിടുവാൻ നീ ഒരുങ്ങുക ...” എന്ന് ആമോസ് പ്രഖ്യാപിക്കുകയുണ്ടായി (ആമോസ് 4:12). നിങ്ങൾ അവനെ അഭിമുഖീകരിക്കുവാൻ ഒരുങ്ങിയിട്ടുണ്ടോ? നമ്മുടെ ജീവിതാന്ത്യത്തിൽ നമ്മുടെ കല്ലറമേൽ എന്തെഴുതും? നാം “ഒരുങ്ങുമോ?” അതോ “ഒരുങ്ങാതിരിക്കുമോ?”

മണവാളനെ എതിരേൽപാൻ പോയ പത്തു കന്യകമാരുടെ സംഭവത്തെ നമ്മുടെ കർത്താവ് പറഞ്ഞത് ഓർക്കുക (മത്തായി 25:1-13). അഞ്ചുപേർ ഒരുങ്ങിയിരുന്നു, അഞ്ചുപേർ ഒരുങ്ങിയിരുന്നില്ല. പ്രവേശിക്കുവാനുള്ള സമയം വന്നപ്പോൾ, അഞ്ചുപേർ പ്രവേശിച്ചു, അഞ്ചുപേർ പ്രവേശിച്ചില്ല. ബൈബിളിലെ തന്നെ ഒരുപക്ഷെ ഏറ്റവും ദുഃഖിപ്പിക്കുന്ന വാക്കുകൾ ശ്രദ്ധിക്കുക: “വാതിൽ അടച്ചു” (വാ. 10). അതിനെക്കുറിച്ച് ചിന്തിക്കുക: “വാതിൽ അടക്കപ്പെട്ടു.” അവരുടെ അവസരം തീർന്നു, കഴിഞ്ഞുപോയി, തിരിച്ച് ലഭിക്കാത്ത വിധത്തിലായി. ആ അഞ്ചു കന്യകമാർക്ക് പ്രവേശിക്കാമായിരുന്നു, പക്ഷെ അവർ ഒരുങ്ങിയിരുന്നില്ല. അവകാശത്തിന് അവർ അനർഹരായി. ദൈവം അവരോടു പറഞ്ഞു, “നിങ്ങൾ ഒരുങ്ങാതിരുന്നാൽ, നിങ്ങൾക്ക് പ്രവേശിക്കുവാൻ കഴിയുകയില്ല.”

“നിങ്ങൾ തയ്യാറാകാത്തതുകൊണ്ട്, നിങ്ങൾക്ക് സ്വർഗത്തിൽ പ്രവേശിക്കുവാൻ സാധ്യമല്ല” എന്നു കർത്താവ് പറയുന്നതായിരിക്കും ഏറ്റവും ദുഃഖകരമായ പ്രസ്താവന. ഇപ്പോൾ, ഇവിടെ നമുക്ക് “ഒരുങ്ങി” ആ പ്രശ്നം പരിഹരിക്കാം.

**പഠിക്കേണ്ട പാഠം:**
**ഇപ്പോൾ ദൈവത്തെ വിശ്വസിച്ച്**
**അനുസരിച്ച് സ്വർഗിയ**
**അവകാശത്തിനായി ഒരുങ്ങാം.**

---

കുറിപ്പ്

[1]ഡബ്ലിയു. ഗ്രഹാം സ്കോർജി, *ദ അൺഫോൾഡിങ് ഡ്രാമ ഓഫ് റിഡെംഷൻ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണർവാൻ പബ്ലിഷിങ് ഹൗസ്, 1976), 301.